LIBRARY ARCHIVES Kerala Legislative Assembly

## യാചക പുനരധിവാസ കേന്ദ്രങ്ങൾ

**291 (1664)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര യാചക പുനരധിവാസ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു ;

(ബി) അവയ്ക്കുള്ള ഗ്രാന്റിന്റെ വിതരണത്തിൽ കുടിശ്ശികയുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) കുടിശ്ശികഗ്രാന്റ് വിതരണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള 10 യാചക പുനരധിവാസ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്. 22,26,000 രൂപ ഗ്രാന്റ് ഇനത്തിൽ കുടിശ്ശികയായി നൽകാനുണ്ട്.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക വിതരണം ചെയ്യുന്നതാണ്.

## വൃദ്ധസദനങ്ങൾ എൻ.ജി.ഒ. മാരെക്കൊണ്ട് നടത്തുന്നതിന് നടപടി

**292 (1665)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള 14 ജില്ലകളിലെ വൃദ്ധസദനങ്ങൾ എൻ.ജി.ഒ. മാരെക്കൊണ്ട് നടത്തുന്നതിന് പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ വിശദാംശം അറിയിക്കാമോ ?

ഉത്തരം

(എ & ബി) ഇല്ല. സംസ്ഥാനത്തെ 14 ജില്ലകളിലും സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടെ പുതുതായി വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിന് 2014-15 സാമ്പത്തിക വർഷം ഭരണാനുമതിയും തുകയും അനുവദിച്ചു നൽകിയിരുന്നെങ്കിലും പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നതിനാൽ ഭരണാനുമതി 2015-16 സാമ്പത്തിക വർഷത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.